# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (p5)952/2022 dt.02..07.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
ഓഫീസ് കോപ്പി

നമ്പർ: KSA TSR (p5)952/2022 dt.02..07.22 തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ ഷാജി, | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| ശ്രീ. എൻ. സതീശൻ | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പി ജി സദാനന്ദൻ, ഓഡിറ്റ് ഓഫീസർ
ശ്രീ ശിവദാസൻ എ കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യാ ദിലീപ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി അമ്പിളി സോമൻ | പ്രസിഡന്റ് | 01-04-2019 | 20-05-2019 |
| ശ്രീ ടി എസ് ബൈജു | പ്രസിഡന്റ് | 21-05-2019 | 11-06-2019 |
| ശ്രീമതി കലാപ്രിയ സുരേഷ് | പ്രസിഡന്റ് | 12-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനി എസ് | ബിഡിഓ/സെക്രട്ടറി | 01-04-2019 | 27-04-2019 |
| ശ്രീമതി യു ജി സരസ്വതി | ബിഡിഓ/സെക്രട്ടറി | 28-04-2019 | 28-06-2019 |
| ശ്രീ അജയഘോഷ് പി ആർ | ബിഡിഓ/സെക്രട്ടറി | 29-06-2019 | 03-08-2019 |
| ശ്രീമതി യു ജി സരസ്വതി | ബിഡിഓ/സെക്രട്ടറി | 04-08-2019 | 15-09-2019 |
| ശ്രീ അജയഘോഷ് പി ആർ | ബിഡിഓ/സെക്രട്ടറി | 16-09-2019 | 31-03-2020 |
| ശ്രീമതി സരസ്വതി എ കെ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ശ്രീ സൂരജ് പി ജി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീ ആന്റണി എം വട്ടോലി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ശ്രീ പ്രതീഷ് പി ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.സരള | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 01-04-2019 | 20-04-2019 |
| ഡോ.ആന്റസ് സി ജോസഫ് | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 21-04-2019 | 23-09-2019 |
| ഡോ.ലേഖ പി | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 24-09-2019 | 29-02-2020 |
| ഡോ.ലക്ഷ്മി മേനോൻ | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 01-03-2020 | 31-03-2020 |
| ഡോ.ബിനോജ് ജോർജ് മാത്യു | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ എം | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ശ്രീനി വർഗ്ഗീസ് | ചൈൽഡ് യവലപ്മെന്റ് പ്രോജക്ട് ഓഫീസർ (അഡീഷണൽ) | 01-04-2019 | 31-03-2020 |
| ശ്രീമതി ഫെമി വി മാത്യൂ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 03-07-2019 |
| ശ്രീ സിജോൺ ജോൺസൺ | ക്ഷീര വികസന ഓഫീസർ | 04-07-2019 | 31-03-2020 |
| ശ്രീ ലാസർ വി എ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 07-12-2019 |
| ശ്രീ സാബു ടി ആർ | പട്ടികജാതി വികസന ഓഫീസർ | 08-12-2019 | 20-12-2019 |
| ശ്രീമതി വലന്റീന കെ വി | പട്ടികജാതി വികസന ഓഫീസർ | 21-12-2019 | 31-03-2020 |
| ശ്രീ രാധാകൃഷ്ണൻ സി ബി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി മിനി പി ആർ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 19-11-2019 |
| ശ്രീമതി മെറിൻ ജോർജ് | വ്യവസായ വികസന ഓഫീസർ | 25-11-2019 | 10-02-2020 |
| ശ്രീ സെബി വി എ | വ്യവസായ വികസന ഓഫീസർ | 10-02-2020 | 31-03-2020 |
| ഒഴിവ് | വ്യവസായ വികസന ഓഫീസർ | 20-11-2019 | 24-11-2019 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 04-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-7 |
| 8 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-8 |
| 9 | വാടക-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-9 |
| 10 | വാടക കുടിശ്ശിക ഇനത്തിലെ ഡിമാന്റിന്റെ കാര്യത്തിൽ ധനകാര്യപത്രികയും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-10 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-11 |
| 12 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-12 |
| 13 | ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-13 |
| 14 | രജിസ്റ്ററുകളുടെ അഭാവത്തിൽ അഡ്വാൻസ് ഇനങ്ങളുടെ കൃത്യത പരിശോധിക്കാനായില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-14 |
| 15 | മൂലധനചെലവുകൾക്ക് ചെലവഴിച്ച ഗ്രാന്റ് തുക അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമായി ബുക്കു ചെയ്യുന്നു. | 1-15 |

| | | |
|---|---|---|
| | Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | |
| 16 | റവന്യൂ ചെലവുകൾ ആസ്തികളായി രേഖപ്പെടുത്തി<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-16 |
| 17 | വികസന ഫണ്ട് പൊതുവിഭാഗം,വികസന ഫണ്ട് SCP എന്നിവയിലെ ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-17 |
| 18 | വാടക -അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-18 |
| 19 | ഇ ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-19 |
| 20 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-20 |
| 21 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-21 |
| 22 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-22 |
| 23 | ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സ്വയംതൊഴിൽ പരിശീലനം- സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 3-1 |
| 2 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.G.Sadanandan (Audit Officer, On 30-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28-02-2019 | 1 | 15,75,72,212 | 16,26,96,660 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| സമർപ്പിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|
| 31-07-2020 | 02-06-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20613407 |
| വരവ് | 60161114 |
| ആകെ | 80774521 |
| ചെലവ് | 57995564 |
| നീക്കിയിരിപ്പ് | 22778957 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (വാർഷിക കണക്ക് പ്രകാരം പ്രകാരം) | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 51214000 | 51214000 | 32739267 | 18474733 |
| വികസന ഫണ്ട് – എസ് സി പി | 0 | 19164000 | 19164000 | 14195738 | 4968262 |
| വികസന ഫണ്ട് – ടി എസ് പി | 0 | 975000 | 975000 | 851000 | 124000 |
| മെയിന്റനൻസ്-റോഡിതരം | 0 | 6696000 | 6696000 | 4856909 | 1839091 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ച എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 102 | 87818253 | 52 | 51343768 | 38 | 12 | 58.47 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-5-2022 തിയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ തിയതിയിൽ സ്ഥാപനത്തിന് വരവില്ലെന്ന് ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നിങ്ങനെ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ

പ്രതിപാദിച്ചിട്ടുണ്ട്.

## 1-8 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-9 വാടക-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ 4തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(4 കെട്ടിടങ്ങൾ) | 130100101-Rent From Building | 7800<br>6000<br>6000<br>40575 | 16/03/20<br>16/03/20<br>24/03/20<br>31/03/20 | 41900001<br>41900002<br>41900004<br>41900017 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10 വാടക കുടിശ്ശിക ഇനത്തിലെ ഡിമാന്റിന്റെ കാര്യത്തിൽ ധനകാര്യപത്രികയും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വാടക കുടിശ്ശിക ഇനത്തിലെ ഡിമാന്റിന്റെ കാര്യത്തിൽ ധനകാര്യപത്രികയും ഡിമാന്റ് രജിസ്റ്ററും താഴെപ്പറയും വിധം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് |
|---|---|
| വാടക കുടിശ്ശിക(ധനകാര്യപത്രിക പ്രകാരം) | --- |
| വാടക കുടിശ്ശിക(ഡിമാന്റ് രജിസ്റ്റർ പ്രകാരം) | 1500 |

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2165550 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3136908രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും

ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-13 ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 713555 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-14 രജിസ്റ്ററുകളുടെ അഭാവത്തിൽ അഡ്വാൻസ് ഇനങ്ങളുടെ കൃത്യത പരിശോധിക്കാനായില്ല

അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിലെ താഴെ ചേർക്കും പ്രകാരമുള്ള നീക്കിയിരുപ്പുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

B-18പ്രകാരം

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 31/3/2020 ലെ നീക്കിയിരിപ്പ് |
|---|---|---|
| 460100103 | ടെംപൊററി അഡ്വാൻസ് ടു ഒഫീഷ്യൽ പർപ്പസസ് | 561366 |
| 460500201 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് | 2420000 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 111000 |

## 1-15 മൂലധനചെലവുകൾക്ക് ചെലവഴിച്ച ഗ്രാന്റ് തുക അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമായി ബുക്കു ചെയ്യുന്നു.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-16 റവന്യൂ ചെലവുകൾ ആസ്തികളായി രേഖപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൌണ്ട് ശീർഷകം | തുക |
|---|---|
| 410200101- Building-Markets | 1392806 |
| 410400101-Drinking Water Sources | 7888568 |
| 410400102-Drinking Water Resrvoirs | 552951 |
| 410400103-Drinking Water -Pipelines | 2733027 |
| 410500101-Irrigation Sources | 4073539 |
| 410500102-Irrigation -Distribution System | 491186 |
| 410600101-Electricity Mycro Hydel Project | 2112000 |

മേൽ ആസ്തികൾ ഗ്രാമപഞ്ചായത്തു് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം

നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു.ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്നമുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്.ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്. ഈ ഷെഡ്യൂളിൽ ഉൾപെടാത്ത ആസ്തിയായ Public Lighting ന് 633600 രൂപ Accumulated Depreciation-രേഖപ്പെടുത്തിയിട്ടുണ്ട്.മേൽ നിരീക്ഷണം പരിശോധിച്ച് കൈമാറിയിട്ടുള്ള ആസ്തികൾ Prior Period Items ലേക്ക് ക്രമീകരിച്ച് ബാലൻസ്ഷീറ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## 1-17 വികസന ഫണ്ട് പൊതുവിഭാഗം,വികസന ഫണ്ട് SCP എന്നിവയിലെ ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് പൊതുവിഭാഗം,വികസന ഫണ്ട് SCP എന്നിവയിലെ ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഫണ്ടിനം | വാർഷിക കണക്കിലെതുക | എസിആറിലെ തുക |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 32127385 | 32739267 |
| വികസന ഫണ്ട് SCP | 13504930 | 14195738 |

## 1-18 വാടക -അപാകതകൾ

കൊടകര ബ്ലോക്ക് പഞ്ചായത്ത് SGSY കെട്ടിടത്തിൽ പ്രവർത്തിക്കുന്ന (കെട്ടിട നം. XV/ 276) ഭക്ഷ്യ സുരക്ഷ ഓഫീസിന്റെ വാടകരഹിതമായി പ്രവർത്തിക്കുവാൻ അനുവദിച്ച കാലാവധി 30/8/2019 ന് അവസാനിച്ചിരുന്നു. 30/1/2020ന് വാടക നിശ്ചയിക്കുന്നതിനും കരാർ പുതുക്കുന്നതിനും അല്ലാത്ത പക്ഷം കെട്ടിടം ഒഴിഞ്ഞ് പോകുന്നതിന് ആവശ്യപ്പെട്ട് കത്ത് നല്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് (30/1/2020 ലെ 6(10) നമ്പർ തീരുമാനം). എന്നാൽ ഏഴ് മാസങ്ങൾക്ക് ശേഷം 22/4/2020 തീയതിയിലാണ് പ്രതിമാസ വാടക 3250/- രൂപയായി നിശ്ചയിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ 5% വർദ്ധനവോട് കൂടി കരാർ പുതുക്കി നൽകാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളത്. (22/4/2020 ലെ 5/6 നമ്പർ തീരുമാനം). 22/4/2020 ലെ 5/6 നമ്പർ തീരുമാനത്തിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 1/28.5.2022) ലഭ്യമായ മറുപടിയിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാന ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ 6/7/2021 ലെ ബി.3-3465/2021 സി.എഫ്. എസ് ഉത്തരവ് പ്രകാരം 2020 ജൂലൈ മുതൽ 2021 ഏപ്രിൽ മാസം വരെയുള്ള 10 മാസത്തെ വാടകയായ 32500/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. വാടക നിശ്ചയിക്കാൻ വൈകിയതുമൂലം വാടകരഹിതമായി പ്രവർത്തിക്കുവാൻ അനുവദിച്ച കാലാവധിക്കുശേഷം 1/9/2019 മുതൽ 31/6/2020 വരെയുള്ള കാലയളവിൽ ടി സ്ഥാപനത്തിൽ നിന്നും , ബ്ളോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിച്ചു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഇ ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2019-20 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ ഫോം വിലയിനത്തിൽ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ വരവ് വന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ . 21/3.6.2022).

## 1-20 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ | പ്രോജക്ടിന്റെ | ബിറ്റുമിന്റെ | ഉപയോഗിച്ച | വില | ജി | ആകെ |
|---|---|---|---|---|---|---|

| നമ്പർ | വിവരം | അളവ് (Kg) | ടാർ ബാരലുകളുടെ എണ്ണം | (@ Rs.238) | എസ് ടി (18%) | |
|---|---|---|---|---|---|---|
| 1 | 103/21 – ഹരിത എസ് സി കോളനി റോഡ് വാർഡ് 3 വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ – കെ ആർ അനന്തരാമൻ<br>എംബി നമ്പർ – 17/19-20<br>28/19-20<br>എഗ്രി.നമ്പർ – 11/AE/LSGD /KDA/2019-20<br>തീയതി 05.09.2019<br>ചെലവ് – 612337/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>4/20.4.2020 – 385260<br>10/20.4.2020 – 227077 | RS1-249.48 VG30 – 1957.625 | 1.25<br>12.55 = 13 | 3094 | 557 | 3651 |
| 2 | 86/20 – കോരനൊടി കോളനി റോഡ്<br>കരാറുകാരൻ – സി കെ ഷാജി<br>എംബി നമ്പർ – 32/18-19<br>എഗ്രി.നമ്പർ – 2/AE/LSGD /KDA/2018-19<br>തീയതി- 31.07.2018<br>ചെലവ് – 445590/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>6/12.7.2019 | VG 30 –1777.493 RS1 – 180.74 | 11<br>1 = 12 | 2856 | 514 | 3370 |

| | ആകെ | | | | | 7021 |
|---|---|---|---|---|---|---|

മുകളിൽ പറഞ്ഞതു പ്രകാരം കാലി ബാരലിന്റെ വില ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/30.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കാലി ബാരൽ വില ഇനത്തിൽ ലഭിക്കാനുള്ള 7021 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ല്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/30.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അപാകത പരിഹരിക്കും എന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -94/20 | 03.10.2018 | 02.06.2019 | 16.09.2019 | 7488 |

| | | | | | |
|---|---|---|---|---|---|
| | -<br>പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ സാമൂഹ്യ ആരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ ശിശു സൗഹൃദ ഇടം (സ്പിൽ ഓവർ)<br>അടങ്കൽ - 340900/-<br>കരാർ തുക – 748825<br>TS No.58330/18-19<br>കരാറുകാരൻ - തങ്കപ്പൻ മുരിയാട്ടിൽ<br>എഗ്രിമെന്റ് നം.27/AE /LSGD/KDA/2018-19 Dt.03.10.2018<br>അളവു പുസ്തകം- 6/18-19,47/18-19<br>ട്രഷറി ബിൽ നമ്പർ 22/29.10.2019<br>ചെലവ് തുക – 340900 (2019-20) | | (സാങ്കേതിക അനുമതി പ്രകാരം 8 മാസം | | (1%) |
| 2 | പ്രോജക്ട് നമ്പർ -96/20 -<br>അളഗപ്പനഗർ വാർഡ് 9 തണൽ കെട്ടിടം<br>അടങ്കൽ - 596906/-<br>കരാർ തുക – 625246/-<br>TS No.48584/18-19<br>കരാറുകാരൻ - ലോനക്കുട്ടി കെ.പി.<br>എഗ്രിമെന്റ് നം.10/AE /LSGD/KDA/2018-19 Dt.01.08.2018<br>അളവു പുസ്തകം- 37/20.9.20,14 /20.8.2019,38/19-20<br>ട്രഷറി ബിൽ നമ്പർ 29/18.1.2020-257823/-<br>39/16.3.2020-289084/-<br>38/1.2.2020-48041/-<br>ചെലവ് തുക - 594948/- | 01.08.2018 | 31.03.2019 ( 8 മാസം) | 02.01.2020 | 6252<br>(1%)<br>പിഴയില്ലാതെ1.12.19 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു) |
| 3 | പ്രോജക്ട് നമ്പർ -86/20 | 31.7.2018 | 31.01.2019 (6 | 07.03.2019 | 4456(1%) |

| | | | | | |
|---|---|---|---|---|---|
| | -<br>കോരനൊടി കോളനി റോഡ്<br>അടങ്കൽ - 445590<br>കരാർ തുക – 445590<br>TS No.8475/18-19<br>കരാറുകാരൻ - സി കെ ഷാജി<br>എഗ്രിമെന്റ് നം.2/AE /LSGD/KDA/2018-19 Dt.31.07.2018<br>അളവു പുസ്തകം-32/18-19<br>ട്രഷറി ബിൽ നമ്പർ – 6/12.7.2019<br>ചെലവ് തുക – 445590/- | | മാസം) | | |
| | ആകെ | | | | 18196 |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/30.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും പിഴ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-23 ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സ്വയംതൊഴിൽ പരിശീലനം- സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല.

ശിശു വികസന പദ്ധതി ഓഫീസർ നടപ്പാക്കിയ ഈ പദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം 2 ഘട്ടങ്ങളിലായി സ്വയംതൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. 30 പേർക്ക് ബേക്കറി ഉൽപന്നങ്ങൾ,പ്രകൃതിസൗഹൃദബാഗുകൾ എന്നിവയുടെ നിർമ്മാണത്തിനാണ് പരിശീലനം നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി നം | ബിൽ നമ്പർ/തീയതി | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന് അനുവദിച്ച തുക |
|---|---|---|---|
| 2019-20 | പദ്ധതി 14/20, ഫണ്ട്- വികസനഫണ്ട് (പൊതുവിഭാഗം) | 03/19-20 Dt 10.12.2019<br>04/19-20 Dt 10.12.2019 | 145000<br>145000 |

സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. 22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 ഖണ്ഡിക 8.5പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്റ്റ് പാടില്ല, വികസന പ്രോജക്റ്റിന്റെ ഭാഗമായി പരിശീലനമാകാം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതിയിൽ പരിശീലനം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഇത് മാർഗ്ഗരേഖാനിബന്ധനകളുടെ ലംഘനമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/03.06.2022 ,23/03.06.2022 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ സംരംഭം തുടങ്ങിയ 5 ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് പരിശീലനത്തിന് വേണ്ടി മാത്രമാണ്. സബ്സിഡി മാർഗ്ഗരേഖാ നിബന്ധനകൾക്കനുസൃതമായി മാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 103/21 – ഹരിത എസ് സി കോളനി റോഡ് വാർഡ് 3 വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ – കെ ആർ അനന്തരാമൻ<br>എംബി നമ്പർ – 17/19-20<br>28/19-20<br>എഗ്രി.നമ്പർ – 11/AE/LSGD /KDA/2019-20<br>തീയതി 05.09.2019<br>ചെലവ് – 612337/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>4/20.4.2020 – 385260<br>10/20.4.2020 – 227077 | RS1-249.48<br>VG30 – 1957.625 | 1.25<br>12.55 = 13 | 3094 | 557 | 3651 |
| 2 | 86/20 – | VG 30 | 11 | 2856 | 514 | 3370 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കോരനൊടി കോളനി റോഡ്<br>കരാറുകാരൻ - സി കെ ഷാജി<br>എംബി നമ്പർ - 32/18-19<br>എഗ്രി.നമ്പർ - 2/AE/LSGD /KDA/2018-19<br>തീയതി- 31.07.2018<br>ചെലവ് - 445590/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>6/12.7.2019 | -1777.493 RS1 - 180.74 | 1 = 12 | | | | |
| | ആകെ | | | | | 7021 | |

മുകളിൽ പറഞ്ഞു പ്രകാരം കാലി ബാരലിന്റെ വില ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/30.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കാലി ബാരൽ വില ഇനത്തിൽ ലഭിക്കാനുള്ള 7021 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാനുവൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാനുവലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -94/20 -<br>പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ സാമൂഹ്യ ആരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ ശിശു സൗഹൃദ ഇടം (സ്പിൽ ഓവർ)<br>അടങ്കൽ - 340900/-<br>കരാർ തുക – 748825<br>TS No.58330/18-19 | 03.10.2018 | 02.06.2019 (സാങ്കേതിക അനുമതി പ്രകാരം 8 മാസം | 16.09.2019 | 7488 (1%) |

| | | | | | | |
|---|---|---|---|---|---|---|
| | | കരാറുകാരൻ - തങ്കപ്പൻ മുരിയാട്ടിൽ<br>എഗ്രിമെന്റ് നം.27/AE /LSGD/KDA/2018-19 Dt.03.10.2018<br>അളവ് പുസ്തകം- 6/18-19,47/18-19<br>ട്രഷറി ബിൽ നമ്പർ 22/29.10.2019<br>ചെലവ് തുക - 340900 (2019-20) | | | | |
| | 2 | പ്രോജക്ട് നമ്പർ -96/20 -<br>അളഗപ്പനഗർ വാർഡ് 9 തണൽ കെട്ടിടം<br>അടങ്കൽ - 596906/-<br>കരാർ തുക – 625246/-<br>TS No.48584/18-19<br>കരാറുകാരൻ - ലോനക്കുട്ടി കെ.പി.<br>എഗ്രിമെന്റ് നം.10/AE /LSGD/KDA/2018-19 Dt.01.08.2018<br>അളവ് പുസ്തകം- 37/20.9.20,14 /20.8.2019,38/19-20<br>ട്രഷറി ബിൽ നമ്പർ 29/18.1.2020-257823/-<br>39/16.3.2020-289084/-<br>38/1.2.2020-48041/-<br>ചെലവ് തുക - 594948/- | 01.08.2018 | 31.03.2019(8 മാസം) | 02.01.2020 | 6252<br>(1%)( പിഴയില്ലാതെ 1.12.19 വരെ കാലാവധി ദീർഘിപ്പിച്ചു) |
| | 3 | പ്രോജക്ട് നമ്പർ -86/20 -<br>കോരനൊടി കോളനി റോഡ്<br>അടങ്കൽ - 445590<br>കരാർ തുക – 445590<br>TS No.8475/18-19<br>കരാറുകാരൻ - സി കെ ഷാജി<br>എഗ്രിമെന്റ് നം.2/AE /LSGD/KDA/2018-19 Dt.31.07.2018 | 31.7.2018 | 31.01.2019 (6 മാസം) | 07.03.2019 | 4456 |

| | | | | | |
|---|---|---|---|---|---|
| | അളവു പുസ്തകം-32/18-19<br>ട്രഷറി ബിൽ നമ്പർ – 6/12.7.2019<br>ചെലവ് തുക – 445590/- | | | | |
| | ആകെ | | | | 18196 |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/30.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും പിഴ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 14560764 | പി എം എ വൈ ഭവനം | 76886 | 14483878 |
| ഗ്രാമപഞ്ചായത്ത് | 2019-20 | 70000 | പി.എം.എ.വൈഭവനം | 0 | 70000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം 2420000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.ഇതിന്റെ വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-8 | 2009-10 | 3.2.2 | ഉഴിഞ്ഞാൽ പ്പാടം ബണ്ട് സംരക്ഷണം സർക്കാർ ചട്ടങ്ങൾ പാലിച്ചിട്ടില്ല. | 2004-05 സാമ്പത്തിക വർഷത്തെ എസ്. ജി. ആർ. വൈ. പദ്ധതിയിൽപ്പെട്ട 100000/-രൂപ അടങ്കൽ ഉണ്ടായിരുന്ന ഉഴിഞ്ഞാൽ പ്പാടം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തോട് സംരക്ഷണം എന്ന പ്രവൃത്തിക്ക് കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണാനുമതിയും ബ്ലോക്ക് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതിയും ലഭിച്ചശേഷം നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്തൃസമിതി 28/01/2005 ന് 48/2004-05 നമ്പറായി കരാർ വെക്കുകയും അടങ്കൽ തുകയുടെ 25% വരുന്ന 25000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60161114 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57995564 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25217 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7021 | ശ്രീ പ്രതീഷ് പി ബി, അസി.എഞ്ചിനീയർ |
| 3-2 | | 18196 | ശ്രീ പ്രതീഷ് പി ബി, അസി.എഞ്ചിനീയർ |
| ആകെ | | 25217 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രതീഷ് പി ബി, അസി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് | പള്ളത്തേരി വീട്, ആനന്ദപുരം പിഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി16-704/99 തീയതി 22.3.99 |
| 98-99വരവ്-ചെലവ് | എൽ.എഫ്.ടി16-339/00 തീയതി.2.6.00 |
| 1999-00 പദ്ധതി വിഹിതം | എൽ .എഫ്. ടി9 -56/04/ തീയതി.11.03.04/7.7.04 |
| 1999-00 | എൽ.എഫ്.ടി21-2204/07തീയതി 21.11.06 |
| 2000-01 | എൽ.എഫ്.ടി21-2205/07തീയതി 21.11.06 |
| 01-02 | എൽ.എഫ്.ടി21-2206/07തീയതി21.11.06 |
| 02-03 | എൽ.എഫ്.ടി21- 2570/07തീയതി 21.02.09 |
| 03-04 | എൽ.എഫ്.ടി21-2571/07തീയതി21.02.09 |
| 04-05 | എൽ.എഫ്.ടി21-2624/07-തീയതി 21.02.09 |
| 05-06 | എൽ.എഫ്.ടി.21-2714/07തീയതി 21.02.09 |
| 06-07 | എൽ.എഫ്.ടി(ബി.പി) 537/11 തീയതി 26.09.11 |
| 07-08 | എൽ.എഫ്.ടി(ബി.പി)538/11 തീയതി.26.09.11 |
| 08-09 | എൽ.എഫ്.ടി(ബി.പി)-539/11 തീയതി26.09.11 |
| 2009-10 | എൽ.എഫ്.ടി(ബി.പി)540/11 തീയതി26.09.11/8.12/11 |
| 2010--11 | എൽ.എഫ്.ടി(ബി.പി) 2236/12/ തീയതി15.2.13/5.6.13 |
| 2011-12 | എൽ.എഫ്.ടി(ബി.പി) 218/13 തീയതി.15.04.13/3.8.13 |
| 2012-13 | എൽ.എഫ്.ടി(ബി.പി) 1365/14 തീയതി.12.11.14/5.12.14 |
| 2013-14 | നം കെ.എസ്.എ.ടി.എസ്.ആർ |

| | |
|---|---|
| | (BP)368/15/ തിയ്യതി 09.07.15, 09.10.15 |
| 2014-15,2015-16 | നം കെ.എസ്.എ.ടി.എസ്.ആർ (BP2)642/17/ തിയ്യതി 18.05.2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)1068/2017 തിയതി.11.07.2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)03/2019 തിയതി.12.03.2019/05.04.2019 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.)994/2019 തീയതി:16/09/19 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്